പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1727 | 01.11.2019 ൽ മറുപടിയ്ക്ക്

റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആരൊക്കെയാണ് പ്രസ്തുത അതോറിറ്റിയിലെ ചെയർമാനും അംഗങ്ങളുമെന്ന് അറിയിക്കുമോ; | ബി) | പ്രസ്തുത അതോറിറ്റിയിൽ താഴെപ്പറയുന്നവരെ ചെയർമാനും അംഗങ്ങളുമായി തെരഞ്ഞെടുത്തിട്ടുണ്ട്.<br>1 ശ്രീ.പി.എച്ച് .കുര്യൻ - ചെയർമാൻ<br>2 ശ്രീമതി.പ്രീത പി. മേനോൻ -മെമ്പർ<br>3 ശ്രീ.മാത്യു ഫ്രാൻസിസ് . സി -മെമ്പർ |
| സി) | റിയൽ എസ്റ്റേറ്റ് അതോറിറ്റി നിയമപ്രകാരം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ സെലക്ഷൻ കമ്മിറ്റിയെ നിശ്ചയിച്ചിരുന്നോ; ആരൊക്കെയായിരുന്നു പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ; വ്യക്തമാക്കുമോ; | സി) | നിശ്ചയിച്ചിരുന്നു. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരുന്നു.<br>1 ജസ്റ്റിസ്.ശ്രീ.പി.ആർ. രാമചന്ദ്ര മേനോൻ -ചെയർമാൻ (ചീഫ്ജസ്റ്റിസിന്റെ നോമിനി)<br>2 ഹൗസിംഗ് സെക്രട്ടറി -മെമ്പർ<br>3 സെക്രട്ടറി,നിയമ വകുപ്പ് -മെമ്പർ |

| | |
|---|---|
| ഡി) പ്രസ്തുത സെലക്ഷൻ കമ്മിറ്റി സെർച്ച് കമ്മിറ്റിയെ നിയോഗിച്ച് അപേക്ഷകരുടെ യോഗ്യത വിലയിരുത്തി പട്ടിക സെലക്ഷൻ കമ്മിറ്റിക്ക് കൈമാറിയിരുന്നോ;<br><br>ഇ) ഇല്ലെങ്കിൽ ഈ ചട്ടം ലംഘിച്ച് അംഗങ്ങളെ തെരഞ്ഞെടുത്തത് ഏത് സാഹചര്യത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ? | ഡി) ആന്റ് ഇ) 2016 – ലെ കേന്ദ്ര നിയമമായ ദി റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്പ്മെന്റ്) ആക്ട് (Central Act 16 of 2016) – ലെ സെക്ഷൻ 22 പ്രകാരമാണ് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ചെയർമാനെയും മെമ്പർമാരെയും തെരഞ്ഞെടുക്കേണ്ടത്. ടി ആക്ടിൽ 'സെർച്ച് കമ്മിറ്റി'യെ നിയോഗിച്ച് അപേക്ഷകരുടെ യോഗ്യത വിലയിരുത്തി പട്ടിക സെലക്ഷൻ കമ്മിറ്റിക്ക് കൈമാറണമെന്ന് അനുശാസിക്കുന്നില്ല. പ്രസ്തുത കേന്ദ്ര നിയമ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്പ്മെന്റ്) റൂൾസ് 2018- ലെ ചട്ടം 20 (3) – ൽ ആവശ്യമുണ്ടെങ്കിൽ ഒരു സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും ഇപ്രകാരം സെർച്ച് കമ്മിറ്റി രൂപീകരിച്ചു മാത്രമേ സെലക്ഷൻ കമ്മിറ്റി സെലക്ഷൻ പ്രോസസ് നടത്താവൂ എന്ന് നിഷ്കർഷിക്കുന്നില്ല. മാത്രമല്ല പരിമിതമായ അപേക്ഷകൾ (24 എണ്ണം) മാത്രമേ ലഭിച്ചിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ സെർച്ച് കമ്മിറ്റിയെ നിയോഗിക്കേണ്ടതില്ല |

എന്ന് ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നോമിനി അദ്ധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി തീരുമാനിക്കുകയും എല്ലാ അപേക്ഷകർക്കും ഇന്റർവ്യൂവിന് ഹാജരാകുവാൻ അറിയിപ്പ് നൽകുകയുമാണ് ഉണ്ടായത്. അതിനാൽ ഇക്കാര്യത്തിൽ യാതൊരു ചട്ടലംഘനവും ഉണ്ടായിട്ടില്ല.

Anjulal

സെക്ഷൻ ഓഫീസർ